**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇലക്ട്രിക് വർക്കുകളുടെ സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2137/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 03/08/2018

പരാമർശം :- 1. ആലപ്പുഴ നഗരസഭാ ചെയർമാന്റെ 20/1/2018-ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2018-ൽ കൂടിയ യോഗ നടപടികുറിപ്പ്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018 ൽ കൂടിയ യോഗ നടപടികുറിപ്പിലെ 2.2 ലെ ഖണ്ഡിക 4.29 -ലെ തീരുമാനം.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഇലക്ട്രിക് വർക്കുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം അഡ്വാൻസായി സെന്റേജ് ചാർജ് ഡിമാന്റ് ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം(2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.. അതിൻപ്രകാരം ഇത്തരം പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷമായി ഉയർത്താവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 18.07.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി, പ്രസ്തുത ജില്ലാതല കമ്മിറ്റിക്ക് 20 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അനുമതി നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.. 18.07.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം( 3) - ലെ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക് വർക്കുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് 20 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ ആലപ്പുഴ നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷനുകൾക്കും / മുനിസിപ്പാലിറ്റികൾക്കും. (നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയം ഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്